(ബി) മഴക്കാലത്ത് വലിയതുറ, പൂന്തുറ, ബീമാപള്ളി മുതലായ തീരപ്രദേശങ്ങളിൽ പകർച്ചവ്യാധികൾ വ്യാപകമാകുന്ന പതിവുണ്ടോ; എങ്കിൽ ഇക്കാര്യം കണക്കിലെടുത്ത് ഈ ആണ്ടിലെ കാലവർഷക്കാലത്ത് എന്തെല്ലാം മുൻകരുതലുകൾ എടുത്തിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മുൻവർഷങ്ങളെ അപേക്ഷിച്ച് പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് താരതമ്യേന കുറവാണ്. വൈറൽ ഫീവറിന് പുറമെ വയറിളക്ക രോഗവും ഡങ്കി പനിയും ബാധിക്കുന്നുണ്ട്.

(ബി) ഈ സ്ഥലങ്ങളിൽ മലമ്പനി, വയറിളക്ക രോഗങ്ങൾ തുടങ്ങിയ പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്.

മുൻകരുതലുകൾ എന്ന നിലയിൽ ജില്ലാ മെഡിക്കൽ ആഫീസിലും കോർപ്പറേഷൻ ആഫീസിലും കോർഡിനേഷൻ മീറ്റിങ്ങുകൾ നടത്തുകയും താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ചെയ്യുകയുമുണ്ടായി.

1.	വീട് സന്ദർശനം (ആരോഗ്യ പ്രവർത്തകർ)	-	42789
2.	രക്തസാമ്പിൾ ശേഖരണം	-	4255
3.	കൊതുകിന്റെ ഉറവിട നശീകരണം	-	22312
4.	ഗപ്പി മത്സ്യവിതരണം	-	3210
5.	കൂത്താടിനശിപ്പിക്കാൻ കീടനാശിനി തളിച്ചത്	-	7810
6.	വീടുകളിൽ കീടനാശിനി സ്പ്രേയിംഗ്	-	1350
7.	ഫോഗിംഗ്	-	16
8.	ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്	-	11551
9.	ഫീവർ ക്ലിനിക്/മെഡിക്കൽ ക്യാമ്പ്	-	5

ചുനക്കര പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്താൻ നടപടി

154. [922] ശ്രീ. കെ.കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം മണ്ഡലത്തിലെ ചുനക്കര പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ചുനക്കര പി.എച്ച്.സി. യെ എന്നത്തേക്ക് സി.എച്ച്.സി. ആക്കി ഉയർത്തുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി) പന്തളം മണ്ഡലത്തിലെ ചുനക്കര പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ തയ്യാറാക്കി വരുന്നു. അത് ലഭിച്ച ശേഷം അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

155. [923] ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് മുളംകുന്നത്തുകാവിലേക്ക് മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളാണ് പുതിയ ആശുപത്രി കെട്ടിടത്തിലേക്ക് മാറ്റിയത് എന്ന് വ്യക്തമാക്കുമോ ;

(സി) മുളംകുന്നത്തുകാവിൽ സി.ടി. സ്കാൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗങ്ങളിലാണ് പി.ജി. കോഴ്സ് തുടങ്ങാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) പി.ജി. കോഴ്സ് തുടങ്ങുന്നതിനുള്ള കാലിക്കറ്റ് സർവ്വകലാശാലയുടെ ഇൻസ്പെക്ഷൻ നടപടി പൂർത്തിയായിട്ടുണ്ടോ ;

(എഫ്) ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ ഇതിനുള്ള അപേക്ഷ ഡി.എം.ഇ. സമർപ്പിച്ചിട്ടുണ്ടോ ; എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ ;

(ജി) പി.ജി. കോഴ്സ് തുടങ്ങുന്നതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ ഇതിനുള്ള ഫീസ് ഡി.എം.ഇ. കെട്ടിവെച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(എച്ച്) ജൂൺ 30 ന് മുമ്പ് ഫീസ് കെട്ടിവെക്കുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്തില്ലെങ്കിൽ കോഴ്സുകൾ അനുവദിക്കുകയില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly